കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.591/2014/തസ്വഭവ തിരുവനന്തപുരം, തീയതി 28/02/2014.**

==========================================================

പരാമർശം:- 1. ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ 27.08.2013 -ൽ സമർപ്പിച്ച നിവേദനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 13.02.2014-ലെ ജെ3-15083/2013 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

സംസ്ഥാനത്തെ പഞ്ചായത്തുകളിലെ മുൻ അധ്യക്ഷന്മാർക്കും അംഗങ്ങൾക്കും സെക്രട്ടറിയേറ്റിലും, മറ്റ് ഓഫീസുകളിലും സുഗമമായി പ്രവേശിക്കുന്നതിനായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് അതത് പഞ്ചായത്തുകൾ മുഖേന താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. തിരിച്ചറിയൽ കാർഡ് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകേണ്ടതും സാക്ഷ്യപ്പെടുത്തുന്ന തീയതി, പഞ്ചായത്തിന്റെ പേര്, മുൻ അധ്യക്ഷന്റെ/ അംഗത്തിന്റെ പേര്, അംഗമായിരുന്ന കാലയളവ് എന്നിവ കാർഡിൽ മുൻ ഭാഗത്ത് രേഖപ്പെടുത്തേണ്ടതുമാണ്. മുൻ അധ്യക്ഷന്റെ/ അംഗത്തിന്റെ മേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങൾ കാർഡിന്റെ പിൻ ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്.
2. തിരിച്ചറിയൽ കാർഡിന്റെ കാലാവധി നൽകിയ തീയതി മുതൽ 5 വർഷം ആയിരിക്കുന്നതാണ്. 5 വർഷം പൂർത്തിയായാൽ കാർഡ് പുതുക്കി നൽകാൻ അപേക്ഷിക്കേണ്ടതാണ്.
3. തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള ചെലവ് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നോ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നിർവഹിക്കേണ്ടതാണ്.
4. തിരിച്ചറിയൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി ഒരു ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാർഡ് അനുവദിക്കുന്ന മുൻ അധ്യക്ഷന്റെ/

അംഗത്തിന്റെ പേര്, കാർഡ് നമ്പർ മുതലായ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

5. അനുവദിച്ച തിരിച്ചറിയൽ കാർഡ് കൈമോശം വരികയോ ഉപയോഗശൂന്യമായി തീരുകയോ ചെയ്യുന്ന സന്ദർഭത്തിൽ ആ വിവരം രേഖാമൂലം പഞ്ചായത്തിനെ അറിയിക്കേണ്ടതും പുതിയ കാർഡിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് കാർഡിന് 100 രൂപ ഫീസ് ഈടാക്കേണ്ടതാണ്.
6. കാർഡ് അനുവദിച്ച അധ്യക്ഷൻ/അംഗം മരണപ്പെടുകയോ, സർക്കാർ ഉദ്യോഗം ലഭിക്കുകയോ, കാർഡ് ദുരുപയോഗം ചെയ്യുന്നതായി വ്യക്തമാകുകയോ ചെയ്യുന്ന സംഗതിയിൽ പ്രസ്തുത അധ്യക്ഷന്റെ/അംഗത്തിന്റെ കാർഡ് തിരികെ ലഭ്യമാക്കേണ്ടതും ടി കാർഡ് റദ്ദാക്കി ആ വിവരം ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എം.ഷാഹുൽ ഹമീദ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വൈബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പഞ്ചായത്തും സാമൂഹ്യകനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ